## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5327** **02-11-2021 - ൽ മറുപടിയ്ക്ക്**

## കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | 2018, 2019 എന്നീ വർഷങ്ങളിലെ പ്രളയത്തിൽ കന്നുകാലികളെ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം അനുവദിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ; | (എ) | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയം മൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ 95 സ്ഥാപനങ്ങളിൽ കേടുപാടുകൾ ഉണ്ടായതുമൂലം 23 കോടിയുടെ നഷ്ടമുണ്ടായിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം ₹ 21,99,47,640/- രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ₹2,68,13,400/- രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് ₹ 65,80,000/- രൂപ ചെലവഴിച്ച് 329 ചികിത്സ ക്യാമ്പുകളും സംഘടിപ്പിക്കുകയുണ്ടായി. 2019 ലെ പ്രളയം മൂലം മൃഗസംരക്ഷണ മേഖലയിൽ 294 പശുക്കൾ, 101 കിടാരികൾ, 60 എരുമകൾ, 475 ആടുകൾ, 381723 കോഴികൾ, 6466 താറാവുകൾ, 66 മുയലുകൾ എന്നിവയും 847 കാലിത്തൊഴുത്തുകൾ പൂർണ്ണമായും, 3693 തൊഴുത്തുകൾ ഭാഗികമായും നഷ്ടപ്പെട്ടു. 87 കോഴി ഷെഡ്ഡുകളും, 32 ആട് ഷെഡ്ഡുകളും നഷ്ടപ്പെട്ടിട്ടുണ്ട്. നിലവിലെ കണക്കനുസരിച്ച് 2019 ലെ പ്രളയത്തിൽ 32.94 കോടി രൂപയുടെ നഷ്ടം ഈ മേഖലയിൽ സംഭവിച്ചിട്ടുണ്ട്. പ്രളയത്തിൽ അടിയന്തിര മൃഗചികിത്സ ലഭ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019 ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് 3.01 കോടി രൂപ ധനസഹായമായി വിതരണം ചെയ്തു. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | 2018 ൽ പ്രളയവുമായി ബന്ധപ്പെട്ട് നാളിതുവരെ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം (₹ 21,99,47,640/- രൂപ) ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തു. കൂടാതെ ₹ 2,68,13,400/- രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. 2019 ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് (3.01 കോടി രൂപ) ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ